പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 5274 — 01.07.2014-ൽ മറുപടിയ്ക്ക്

## അൽട്രാമെഗാപദ്ധതികളിൽ നിന്നുള്ള വൈദ്യുതി വിഹിതം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. കെ. ബാലൻ :<br>ശ്രീ. ജെയിംസ് മാത്യു :<br>ശ്രീമതി. കെ. എസ്. സലീഖ :<br>ശ്രീ. സാജു പോൾ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) അൽട്രാമെഗാപദ്ധതികളിൽ നിന്ന് കേരളത്തിന് എത്ര വൈദ്യുതി ലഭ്യമായിട്ടുണ്ട് ; | (എ) അൾട്രാ മെഗാപദ്ധതികളിൽ നിന്ന് കേരളത്തിന് ഇതുവരെ വൈദ്യുതി ലഭ്യമായിട്ടില്ല. |
| (ബി) അൽട്രാമെഗാപദ്ധതികളിൽ നിന്നുള്ള വൈദ്യുതി വിഹിതത്തിന് ഗാഡ്ഗിൽ ഫോർമുല ബാധകമാണോ ; | (ബി) അല്ല. |
| (സി) അൽട്രാമെഗാപദ്ധതികളിൽ നിന്ന് കേരളത്തിന് അർഹമായ വൈദ്യുതി വിഹിതം നേടിയെടുക്കുന്നതിന് എന്തെല്ലാം ഇടപെടലുകളാണ് നടത്തിയിട്ടുള്ളത് ; | (സി) താരതമ്യേന കുറഞ്ഞ താരിഫിൽ വൈദ്യുതി ലഭ്യമാക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് 4000 മെഗാ വാട്ടോ, അതിനു മുകളിലോ ശേഷിയുള്ള അൾട്രാ മെഗാപദ്ധതികൾക്ക് അനുമതി നൽകുക എന്നത് കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ പരിഗണനയിലുണ്ടായിരുന്നു. ഇറക്കുമതി ചെയ്യുന്ന കൽക്കരി ഉപയോഗിച്ച് തീരപ്രദേശങ്ങളിലും ഇൻഡ്യയിലെ തന്നെ കൽക്കരിഖനിമുഖ സ്റ്റേഷനുകളിലും പദ്ധതികൾ വികസിപ്പിച്ചെടുക്കാനാണ് തീരുമാനിച്ചത്. സംസ്ഥാന പ്രതിനിധികളുമായും സാമ്പത്തിക സ്ഥാപനങ്ങളുമായും ഇതു സംബന്ധിച്ച് കേന്ദ്ര ഊർജ്ജ മന്ത്രാലയം ചർച്ചകൾ നടത്തുകയും പദ്ധതികളുടെ സുഗമമായ നടത്തിപ്പിലേക്കായി പ്രത്യേക ഷെൽ കമ്പനികൾ രൂപീകരിക്കുന്നതിന് അനുമതി നൽകുകയും ചെയ്തിരുന്നു. മറ്റു സംസ്ഥാനങ്ങൾക്കുള്ള വിഹിതം പദ്ധതി നടപ്പിലാക്കുന്ന സംസ്ഥാനങ്ങളുമായി കൂടിയാലോചിച്ച് തീരുമാനിച്ച പ്രകാരമാണ് കേന്ദ്ര ഊർജ്ജ മന്ത്രാലയം അനുവദിച്ചു നൽകിയിരുന്നത്.<br><br>മേൽ പറഞ്ഞ പദ്ധതികളിൽ നിന്നായി കൂടുതൽ വിഹിതം കേരളം ആവശ്യപ്പെട്ടിരുന്നെങ്കിലും |

തമിഴ്നാട്, ആന്ധ്രാപ്രദേശ്, ഒറീസ തുടങ്ങിയ സംസ്ഥാനങ്ങളിലെ അൾട്രാ മെഗാപദ്ധതികളിൽ നിന്ന് മാത്രമാണ് കേരളത്തിന് വിഹിതങ്ങൾ യഥാക്രമം 300 മെഗാവാട്ട്, 190 മെഗാവാട്ട്, 75 മെഗാവാട്ട് അനുവദിച്ച് നൽകിയിരുന്നത്. അതിൻെറ അടിസ്ഥാനത്തിൽ അവ ഉറപ്പാക്കുന്നതിലേക്കായി പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടി രൂപീകൃതമായിട്ടുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾസ് കമ്പനികൾക്ക് നിശ്ചയിച്ചിട്ടുള്ള നിരക്കിൽ മുൻകൂറായി പണം നൽകിയിട്ടുണ്ട്.

ഇതിൽ ആന്ധ്രാപ്രദേശിൻെറ തുടങ്ങിവച്ച പദ്ധതി മുന്നോട്ടു കൊണ്ടു പോകേണ്ടതില്ലെന്ന് ആന്ധ്രാ ഗവൺമെൻറ് തീരുമാനിച്ചതനുസരിച്ച് കേന്ദ്ര ഊർജ്ജ മന്ത്രാലയം പദ്ധതി അവസാനിപ്പിച്ചതായി കത്ത് നൽകിയിരുന്നു. ഇക്കാര്യം ഷെൽ കമ്പനി, കേരളാ ഇലക്ട്രിസിറ്റി ബോർഡിനെ 13.06.2014 — ലെ കത്ത് മുഖേന അറിയിച്ചിട്ടുണ്ട്.

(ഡി) കേരളത്തിൽ അൾട്രാമെഗാപദ്ധതി നടപ്പാക്കുന്നതിന് എന്തെങ്കിലും ആലോചന നടത്തിയിട്ടുണ്ടോ ; ഇക്കാര്യത്തിൽ സംസ്ഥാനം എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം വ്യക്തമാക്കുമോ ?

(ഡി) മറ്റു സംസ്ഥാനങ്ങളിലെ അൾട്രാ മെഗാ പദ്ധതികളിൽ നിന്ന് കേരളത്തിന് അർഹമായ വിഹിതം കിട്ടുന്നതിനു വേണ്ടി ഇൻഡ്യാ ഗവൺമെൻറിനോട് ആവശ്യം ഉന്നയിച്ച അവസരത്തിൽ അന്നത്തെ കേന്ദ്ര ഊർജ്ജ മന്ത്രി കേരളത്തിൽ ഒരു അൾട്രാ മെഗാ പദ്ധതിയുടെ സാധ്യതകൾ ആരാഞ്ഞിരുന്നു. മന്ത്രിയുടെ നിർദ്ദേശപ്രകാരം കേരളത്തിൽ പദ്ധതി സാധ്യമാക്കുന്നതിനെക്കുറിച്ച് ആലോചിച്ചിരുന്നു. എന്നാൽ ഒരു അൾട്രാ മെഗാ പദ്ധതിയ്ക്കാവശ്യമായ സ്ഥലം, മറ്റു സൗകര്യങ്ങൾ ഇവ ലഭ്യമാക്കുന്നതിന് കഴിയില്ല എന്നു മനസ്സിലാക്കുകയും എന്നാൽ അൾട്രാ മെഗാ പദ്ധതിയ്ക്കു പകരം കേരളത്തിൽ സാധ്യമാകുന്ന ഒരു മെഗാ പവർ പദ്ധതിയ്ക്കാവശ്യമായ സ്ഥലം ചീമേനിയിൽ കണ്ടെത്തുകയും ചെയ്തിരുന്നു. അവിടെ കൽക്കരി, വാതകം തുടങ്ങിയ ഇന്ധനങ്ങൾ ഉപയോഗിച്ച് ഒരു പദ്ധതി തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിരുന്നു.

**സെക്ഷൻ ഓഫീസർ.**